REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിന് അടിസ്ഥാന ശാസ്ത്രരംഗത്ത് ശക്തമായ അടിത്തറ അനിവാര്യമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഓസ്ട്രേലിയൻ സന്ദർശനം ഇന്ന് അവസാനിക്കും.**
- **കേരളത്തിന്റെ 'യഥാർഥ അംബാസിഡർമാരായി' എല്ലാ എംപിമാരും ഡൽഹിയിൽ ഒരു ടീമായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി VD സതീശൻ.**
- **ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ DGP മാരുടെ യോഗം ഇന്ന് തിരുവനന്തപുരത്ത്.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഫ്രാൻസ് സെമിയിൽ. രണ്ടാം ക്വാർട്ടർ ഫൈനലിൽ ഇന്ന് സ്പെയിൻ, ബെൽജിയത്തെ നേരിടും.**

## വാർത്തകൾ വിശദമായി

2047-ഓടെ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റുന്നതിന് അടിസ്ഥാന ശാസ്ത്രരംഗത്ത് ശക്തമായ അടിത്തറ അനിവാര്യമാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പറഞ്ഞു. ഭുവനേശ്വറിലെ ജതിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിന്റെ പതിനഞ്ചാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി. രാജ്യത്തിന്റെ ഭാവി വളർച്ചയ്ക്കും ആഗോള നേതൃത്വത്തിനും പിന്നിലെ ചാലകശക്തി ശാസ്ത്രരംഗത്തെ സ്വയംപര്യാപ്ത തയായിരി ക്കുമെന്ന് അദ്ദേഹംപറഞ്ഞു.

വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതി നും ദേശീയ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും അടിസ്ഥാന ശാസ്ത്രങ്ങളിൽ ശക്തമായ അടിത്തറ അനിവാര്യമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

✪✪✪

ഹിമാചൽ പ്രദേശിലെ ഷിംലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിയിൽ "വന്ദേമാതരത്തിന്റെ നാൾവഴികൾ" എന്ന സ്ഥിരം പ്രദർശനവും "സർദാർ പട്ടേലിന്റെ ദർശനം: സംയോജനം, ഏകീകരണം, ഫെഡറലിസം" എന്ന അന്താരാഷ്ട്ര സെമിനാറും ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് വെർച്വലായി ഉദ്ഘാടനം ചെയ്യും. ഷിംലയിൽ എത്താൻ ഉപരാഷ്ട്രപതി തീരുമാനിച്ചിരുന്നെങ്കിലും പ്രതികൂല കാലാവസ്ഥയെ തുടർന്ന് തീരുമാനം മാറ്റുകയായിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഓസ്‌ട്രേലിയൻ സന്ദർശനം ഇന്ന് അവസാനിക്കും. മെൽബൺ സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി ഇന്ന് ഓസ്‌ട്രേലിയൻ പ്രതിപക്ഷ നേതാവ് ആംഗസ് ടെയ്‌ലറുമായി കൂടിക്കാഴ്ച നടത്തും. ശേഷം ഓസ്‌ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസിനൊപ്പം പ്രധാനമന്ത്രി മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ട് സന്ദർശിക്കും. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രിയും സംഘവും മെൽബണിൽ നിന്ന് ന്യൂസിലൻഡിലെ ഓക്ക്‌ലൻഡിലേക്ക് പോകും.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഓസ്‌ട്രേലിയൻ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലെ നയതന്ത്രത്തിൽ ഒരു നിർണായക നിമിഷമായി എന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്...........

പ്രധാനമന്ത്രി നരേന്ദ്രമോദിയും ഓസ്‌ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസും നടത്തിയ ഫലപ്രദമായ ആശയവിനിമയങ്ങൾ ഇരുവരും തമ്മിലെ വ്യക്തിപരവും തന്ത്രപരവുമായ ബന്ധത്തെ എടുത്തുകാണിച്ചുവെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി അഭിപ്രായപ്പെട്ടു.

മൂന്നാം വാർഷിക ഇന്ത്യ-ഓസ്‌ട്രേലിയ ഉച്ചകോടിയിൽ ഇന്ത്യയിലേക്ക് ദീർഘകാല ഓസ്‌ട്രേലിയൻ യുറേനിയം വിതരണം സാധ്യമാക്കുന്ന ഭരണപരമായ ക്രമീകരണം അന്തിമമാക്കിയതോടെ, ഊർജ്ജ സുരക്ഷയിൽ മഹത്തായ മുന്നേറ്റമാണ് കൈവരിച്ചതെന്നും അദ്ദേഹം പറഞ്ഞു.

മെൽബണിൽ മൂന്നാമത് ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസിനൊപ്പം പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തിരുന്നു. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച പ്രതിനിധിതല ചർച്ചകൾ ഉച്ചകോടിയിൽ നടന്നു. ഇന്തോ-പെസഫിക് മേഖലയിലെ സമാധാനം സംരക്ഷിക്കുന്നതിന് സംയുക്ത പ്രതിരോധ സഹകരണ പ്രഖ്യാപനത്തിൽ ഇരുവരും ഒപ്പുവച്ചു. ഓസ്ട്രേലിയയിൽ നിന്നും ഇന്ത്യയിലേക്ക് യുറേനിയം എത്തിക്കുന്നതിന് സുപ്രധാന കരാറിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചതായി പ്രധാനമന്ത്രി അറിയിച്ചു. നിർണായക ധാതു ഇടനാഴി, നൂതന സാങ്കേതിക സഹകരണം എന്നിവയ്ക്കും രാജ്യങ്ങൾക്കിടയിൽ ധാരണയായി.

✪✪✪

ലോകോത്തര നിലവാരത്തിനനുസരിച്ച പ്രവർത്തന മികവും നൈപുണ്യവും കൊണ്ട് ആഗോളതലത്തിൽ ഇന്ത്യ ഗ്ലോബൽ കപ്പാസിറ്റി സെന്ററിന്റെ മികച്ച കേന്ദ്രമായി മാറിയെന്ന് ധനമന്ത്രി നിർമലാ സീതാരാമൻ പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ദേശീയ GCC വ്യവസായ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ.

✪✪✪

കുവൈറ്റ് സന്ദർശനം പൂർത്തിയാക്കിയ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ ഒമാനിലെത്തി. ഒമാൻ വിദേശകാര്യ മന്ത്രാലയത്തിലെ ഡയറക്ടർ ജനറൽ ഷെയ്ഖ് അഹമ്മദ് അൽ മസ്കരി അദ്ദേഹത്തെ സ്വീകരിച്ചു.

ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ, ന്യൂയോർക്ക്, ബ്രസ്സൽസ് എന്നിവിടങ്ങളിൽ പതിനൊന്ന് ദിവസത്തെ പര്യടനത്തിലാണ് ഡോ. ജയ്ശങ്കർ. ഒമാൻ സന്ദർശനം പൂർത്തിയാക്കിയ ശേഷം, 2028-29 ലെ യുഎൻ സുരക്ഷാ കൗൺസിലിന്റെ കാലാവധിക്കായുള്ള ഇന്ത്യയുടെ ഔദ്യോഗിക പ്രചാരണത്തിന് തുടക്കം കുറിക്കാൻ അദ്ദേഹം ന്യൂയോർക്കിലേക്ക് പോകും.

✪✪✪

ഡൽഹിയിൽ കേരളത്തിന്റെ 'യഥാർഥ അംബാസിഡർമാരായി' എല്ലാ എംപിമാരും ഒരു ടീമായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്തിന്റെ ആവശ്യങ്ങളും വികസന പദ്ധതികളും ചർച്ച ചെയ്യുന്നതിനായി തിരുവനന്തപുരത്ത് ചേർന്ന എം പിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

പാർലമെന്റ് സമ്മേളനത്തിന് മുൻപ് സംസ്ഥാനത്തിന്റെ മുൻഗണനാവിഷയങ്ങൾ തയ്യാറാക്കി എം പിമാരുടെ മുന്നിൽ അവതരിപ്പിക്കുക എന്ന പതിവ് രീതിയുടെ ഭാഗമായാണ് യോഗം സംഘടിപ്പിച്ചത്. കേരളത്തിന്റെ പൊതുവായ താത്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് കാര്യങ്ങൾ നേടിയെടുക്കാൻ എം പിമാർ ശ്രമിക്കണമെന്നും മുഖ്യമന്ത്രി യോഗത്തിൽ ആവശ്യപ്പെട്ടു. സംസ്ഥാനത്ത് പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ആദ്യമായാണ് ഇത്തരത്തിൽ എം പിമാരുടെ ഔദ്യോഗിക യോഗം വിളിച്ചുചേർക്കുന്നത്.

✪✪✪

ഫിഷറീസ്, ഹാർബർ എഞ്ചിനീയറിഗ്, സാമൂഹ്യനീതി വകുപ്പുകളിൽ ഗവൺമെന്റിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ഇവന്റ് ചാർട്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രകാശനം ചെയ്തു. 500 കോടിയോളം വരുന്ന പദ്ധതികളിൽ തീരദേശ ഡെവലപ്മെന്റ് കോർപ്പറേഷൻ, ഹാർബർഎഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, സാമൂഹ്യനീതി വകുപ്പ് എന്നിവ മുഖാന്തരിമാണ് പ്രധാന പദ്ധതികൾ 100 ദിനത്തിനകം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് മന്ത്രി VE അബ്ദുൾ ഗഫൂർ അറിയിച്ചു.

✪✪✪

തിരുവനന്തപുരം നെയ്യാറ്റിൻകര ജില്ലാ ജനറൽ ആശുപത്രിയിൽ ഡോക്ടറെ കാണാൻ ക്യൂ നിന്ന രോഗി കുഴഞ്ഞ് വീണ് മരിച്ച സംഭവത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറോട് റിപ്പോട്ട് തേടിയതായി മന്ത്രി കെ. മുരളീധരൻ പറഞ്ഞു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഈ വർഷത്തെ ശബരിമല തീർത്ഥാടനകാലം പരാതി രഹിതമായിരിക്കണമെന്നും മുൻവർഷത്തെ പാളിച്ചകൾ ആവർത്തിക്കരുതെന്നും മന്ത്രി കെ.മുരളീധരൻ നിർദ്ദേശം നൽകി. കൃത്യമായ മുന്നൊരുക്കങ്ങൾ വേണമെന്നും അയ്യപ്പൻമാർക്ക് സൗകര്യങ്ങളൊരുക്കുന്നതിൽ വിട്ടുവീഴ്ച പാടില്ലെന്നും അദ്ദേഹം പറഞ്ഞു. തൈക്കാട് ഗസ്റ്റ് ഹൗസിൽ ചേർന്ന ശബരിമലതീർത്ഥാടന അവലോകനയോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കാത്ത വിധത്തിൽ അധ്യാപകരുടെ സെൻസസ് ഡ്യൂട്ടി വിന്യാസം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ. ജില്ലാതല പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാർക്ക് ഇത് സംബന്ധിച്ച് നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിക്ക് കമ്മീഷൻ ഉത്തരവ് നൽകി.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ DGP മാരുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. അയൽസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഒഴുകുന്ന ലഹരിമരുന്നിന്റെ ഉറവിടങ്ങൾ കണ്ടെത്തി തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് DGP മാരുടെ സംയുക്ത യോഗം ചേരുന്നതെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. പോലീസ് ആസ്ഥാനത്താണ് യോഗം.

കേരളത്തിലേക്ക് എത്തുന്ന രാസലഹരികളുടെയും ഹെറോയിന്റെയും സപ്ലൈ ചെയിൻ നിലനിൽക്കുന്നത് അയൽസംസ്ഥാനങ്ങളിലെ മെട്രോ നഗരങ്ങളിലും അതിർത്തി ഗ്രാമങ്ങളിലുമാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് താഴേത്തട്ടിലെ പൊലീസ് നടപടികൾക്കൊപ്പം മാക്രോ ലെവലിലെ അന്തർസംസ്ഥാന സുരക്ഷാ ഏകോപനത്തിനും ആഭ്യന്തര വകുപ്പ് മുൻഗണന നൽകുമെന്ന് രമേശ് ചെന്നിത്തല തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

വയനാട് കള്ളാടി മണ്ണിടിച്ചിൽ അപകട സ്ഥലത്ത് ഇന്നും തെരച്ചിൽ തുടരും. ഇന്നലെ മൂന്ന് മൃതദേഹങ്ങൾ കണ്ടെടുത്തിരുന്നു. ഇതോടെ മരണസംഖ്യ ആറായി. മന്ത്രിമാരായ എ.പി അനിൽകുമാർ,ടി. സിദ്ദീഖ് എന്നിവർ പ്രദേശത്ത് ക്യാമ്പ് ചെയ്ത് തെരച്ചിലിന് നേതൃത്വം നൽകുന്നുണ്ട്.

✪✪✪

വടക്കൻ കേരളത്തിൽ ശക്തമായ മഴ തുടരുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇടിമിന്നലിനെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ 50 തൊട്ട് 60 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ മീൻ പിടുത്തക്കാർ കടലിലേക്കിറങ്ങരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഫ്രാൻസ് സെമിയിൽ. ക്വാർട്ടർ ഫൈനലിൽ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് മൊറോക്കോയെ പരാജയപ്പെടുത്തിയാണ് ഫ്രഞ്ച് ടീമിന്റെ ജയം. തുടർച്ചയായ മൂന്നാം തവണയാണ് ഫ്രാൻസ് ലോകകപ്പ് സെമിയിൽ എത്തുന്നത്. ഇന്ന് രാത്രി രണ്ടാം ക്വാർട്ടർ ഫൈനലിൽ സ്പെയിൻ, ബെൽജിയത്തെ നേരിടും.

✪✪✪

ശ്രീലങ്കയിലെ കൊളോമ്പോയിൽ ഇന്ത്യ- ശ്രീലങ്ക ത്രിദിന ക്രിക്കറ്റ് പരമ്പരയിൽ ഇന്ത്യക്കു തോൽവി. ഇന്നലെ അവസാനിച്ച പരമ്പരയിലെ അവസാന മത്സരത്തിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ പരാജയപ്പെട്ടത്തോടെ 2-1 എന്ന പോയിന്റ് നിലയിൽ ശ്രീലങ്ക കിരീടം സ്വന്തമാക്കി.

✪✪✪

കേന്ദ്ര ഗവൺമെന്റ് സപ്ലൈയ്ക്കോക്ക് നൽകാനുള്ള തുകയിൽ 90 കോടി രൂപ കേന്ദ്ര ഭക്ഷ്യമന്ത്രാലയം അനുവദിച്ച് ഉത്തരവായതായി മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു. 200 കോടി രൂപ കൂടി ഉടൻ അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു. കേന്ദ്ര ഭക്ഷ്യ മന്ത്രി പ്രൾഹാദ് ജോഷിയെ കണ്ട് നൽകിയ നിവേദനത്തെ തുടർന്നാണ് അടിയന്തരമായി തുക അനുവദിച്ചതെന്ന് മന്ത്രി അറിയിച്ചു.

✪✪✪

PSC പരീക്ഷാ ക്രമക്കേടിൽ അന്വേഷണം ഊർജ്ജിതമാക്കാൻ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് സംസ്ഥാന പൊലീസ് മേധാവി ഉത്തരവിറക്കി. IG അജിത ബീഗം SITയെ നയിക്കും. SP സക്കറിയ മാത്യു, DYSP അജയ് നാഥ് എന്നിവരാണ് മറ്റ് അംഗങ്ങൾ. അന്വേഷണത്തിന്റെ പുരോഗതി റിപ്പോർട്ട് രണ്ടാഴ്ച കൂടുമ്പോൾ സമർപ്പിക്കണമെന്ന് DGP ഉത്തരവിൽ നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്തെ PSC നിയമനങ്ങളിലുണ്ടായ ക്രമക്കേടിൽ ഗവർണർ ഭരണഘടനാ പദവി ഉപയോഗിച്ച് അടിയന്തര നടപടികൾ കൈകൊള്ളണമെന്ന് യുവമോർച്ച സംസ്ഥാന അധ്യക്ഷൻ V മനുപ്രസാദ് ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് അദ്ദേഹം ലോക് ഭവനിൽ എത്തി ഗവർണറെ കണ്ട് നിവേദനം നൽകി.

✪✪✪

കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെ പഴയ ക്ലോക്ക് ടവർ തകർന്നു വീണ സംഭവത്തിൽ കേന്ദ്ര മന്ത്രി സുരേഷ് ഗോപിയുടെ നിർദേശപ്രകാരം BJP ജില്ല പ്രസിഡന്റ് KP പ്രകാശ്ബാബു ഉൾപ്പെടെ പാർട്ടി നേതാക്കൾ റെയിൽവേ

സ്റ്റേഷനിൽ എത്തി വിവരങ്ങൾ ആരാഞ്ഞു. അപകടം സംബന്ധിച്ച് ലഭിച്ച മുഴുവൻ വിവരങ്ങളും റെയിൽവേ മന്ത്രിയുടെ ഓഫീസിൽ അറിയിച്ചതായി പാർട്ടി നേതാക്കൾ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെ നൂറ്റാണ്ടിലധികം പഴക്കമുള്ള ക്ലോക്ക് ടവർ തകർന്നുവീണ സംഭവത്തിൽ റെയിൽവേ അടിയന്തര ഉന്നതതല അന്വേഷണം നടത്തണമെന്ന് MK രാഘവൻ MP ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെ ക്ലോക്ക് ടവർ തകർന്ന സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കണമെന്ന് K.ജയന്ത് MLA ആവശ്യപ്പെട്ടു. സംഭവസ്ഥലം അദ്ദേഹം സന്ദർശിച്ചു.

✪✪✪

കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നുവീണ സംഭവം അതീവ ഗൗരവമുള്ളതാണെന്നും സംഭവത്തിൽ ഉണ്ടായ സുരക്ഷാ വീഴ്ചയെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തണമെന്നും PA മുഹമ്മദ് റിയാസ് MLA ആവശ്യപ്പെട്ടു.

✪✪✪

എയിംസ് സ്ഥാപിക്കുന്നതിന് കേരളത്തിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളുടെ പട്ടികയിൽ വെള്ളൂരിനെയും ഉൾപ്പെടുത്തിയതായി ഫ്രാൻസിസ് ജോർജ് എം.പി. അറിയിച്ചു. തിരുവനന്തപുരത്ത് ചേർന്ന MP മാരുടെ യോഗത്തിൽ ആവശ്യം ഉന്നയിച്ചതിനെ തുടർന്നാണ് മുഖ്യമന്ത്രി വി.ഡി.സതീശനും, മന്ത്രി K.മുരളീധരനും തീരുമാനം അറിയിച്ചതെന്ന് അദ്ദേഹം കോട്ടയത്ത് പറഞ്ഞു.

✪✪✪

APJ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിൽ എം.ടെക് പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഈമാസം 13 വരെ നീട്ടി. രണ്ട് വർഷ ദൈർഘ്യമുള്ള മുഴുവൻ സമയ എം.ടെക് പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം നടത്തുന്നത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: മണികണ്ഠൻ*
*News Team: നിമിഷ ജി*
*DEO : സി കെ സുബോധ്*